**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3884** **15-07-2022 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവ മാലിന്യ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവ മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് തുക അനുവദിച്ചതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ; | (എ) | **കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ദ്രവ മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2014-2015, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ മൊത്തം 110 ലക്ഷം രൂപ PWD അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും അറിയിക്കാമോ; | (ബി) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതികവിദ്യ ലഭ്യമല്ലയെന്ന താണ് നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള കാലതാമസം. നിർമ്മാണ പ്രവൃത്തി നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാൽ ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക തിരിച്ചു നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട വിശദീകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഹെഡ് ഓഫ് അക്കൗണ്ട് നിശ്ചയിച്ച് അറിയിക്കുന്നതും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (സി) | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതികവിദ്യ ലഭ്യമല്ലയെന്ന താണ് നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള കാലതാമസം. നിർമ്മാണ പ്രവൃത്തി നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാൽ ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക തിരിച്ചു നൽകുന്നതിന് ആരോഗ്യ |

| | | | |
|---|---|---|---|
| | | | വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട വിശദീകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഹെഡ് ഓഫ് അക്കൗണ്ട് നിശ്ചയിച്ച് അറിയിക്കുന്നതും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ